REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 17-11-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് നൈജീരിയൻ പ്രസിഡണ്ട് ബോലാ അഹമ്മദ് ടിനുബു-വുമായി ഉഭയകക്ഷി ചർച്ച നടത്തും.
- ഇന്ത്യയെ വികസിത രാജ്യമാക്കി പരിവർത്തനപ്പെടുത്തുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
- പാലക്കാട് നിയമസഭാ ഉപതെരഞ്ഞെടുപ്പ് പ്രചാരണത്തിന് നാളെ കൊട്ടിക്കലാശം.
- കോഴിക്കോട് ചേവായൂർ സഹകരണ ബാങ്ക് തിരഞ്ഞെടുപ്പ് CPIM അട്ടിമറിച്ചെന്ന് KPCC പ്രസിഡന്റ് K.സുധാകരൻ.
- സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിൽ മലപ്പുറം മുന്നേറുന്നു.

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് നൈജീരിയൻ പ്രസിഡണ്ട് ബോലാ അഹമ്മദ് ടിനുബു-വുമായി ഉഭയകക്ഷി ചർച്ച നടത്തും. മൂന്ന് രാജ്യങ്ങളിലെ സന്ദർശനത്തിനായി ഇന്നലെ യാത്ര തിരിച്ച പ്രധാനമന്ത്രി, രാത്രി നൈജീരിയയിലെ അബുജയിൽ എത്തി. രണ്ട് ദിവസം അദ്ദേഹം നൈജീരിയയിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

....(വോയ്സ്)...

**17 വർഷങ്ങൾക്കു ശേഷമാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി നൈജീരിയ സന്ദർശിക്കുന്നത്. സന്ദർശനവേളയിൽ ഇരുരാജ്യങ്ങളും തമ്മിൽ നിരവധി കരാറുകൾ ഒപ്പുവെച്ചേക്കും. നൈജീരിയയിലെ ഇന്ത്യൻ സമൂഹത്തെയും പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.**

**നാളെ ബ്രസീലിലേക്ക് തിരിക്കുന്ന നരേന്ദ്രമോദി റിയോ ഡി ജനീറൊയിൽ G-20 ഉച്ചകോടിയിൽ പങ്കെടുക്കും. രണ്ടു ദിവസത്തെ ബ്രസീൽ സന്ദർശനത്തിനിടെ പ്രസിഡണ്ട് ലൂയിസ് ഇനാഷ്യോ ലുലാ ഡാ സിൽവ-യുമായി അദ്ദേഹം ഉഭയകക്ഷി വിഷയങ്ങൾ ചർച്ച ചെയ്യും. ഉച്ചകോടിയ്ക്കിടെ വിവിധ ലോക നേതാക്കളുമായും പ്രധാനമന്ത്രി ചർച്ച നടത്തും. സന്ദർശനത്തിന്റെ മൂന്നാമത്തെയും അവസാനത്തെയും പാദത്തിൽ ചൊവ്വാഴ്ച നരേന്ദ്രമോദി ഗയാനയിലേക്ക് പോകും. വ്യാഴാഴ്ച വരെ പ്രധാനമന്ത്രി ഗയാനയിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും.**

**✪✪✪**

**ഇന്ത്യയെ വികസിത രാജ്യമാക്കി പരിവർത്തനപ്പെടുത്തുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി വ്യക്തമാക്കി. വോട്ടുബാങ്ക് രാഷ്ട്രീയത്തിനപ്പുറം ജനപങ്കാളിത്തത്തോടെ പുരോഗതിയെന്ന മന്ത്രത്തോടെയാണ് ഗവൺമെന്റ് പ്രവർത്തിച്ചുവരുന്നതെന്ന് അദ്ദേഹം ന്യൂഡൽഹിയിൽ ഒരു മാധ്യമം സംഘടിപ്പിച്ച ഉച്ചകോടിയിൽ പറഞ്ഞു.**

**ഡെസ്ക്ക് റിപ്പോർട്ട്**

**.....(വോയ്സ്)......**

**കഴിഞ്ഞ ഏഴ് പതിറ്റാണ്ടുകളിൽ ജമ്മുകശ്മീരിനെ വലയം ചെയ്തിരുന്ന അനിശ്ചിതത്വം അവസാനിപ്പിക്കാൻ ഗവൺമെന്റിന് കഴിഞ്ഞെന്ന് പ്രധാനമന്ത്രി പറഞ്ഞു. മേഖലയിലെ തിരഞ്ഞെടുപ്പിൽ അഭൂതപൂർവ്വമായ വൻ ജനപങ്കാളിത്തമാണ് ഉണ്ടായതെന്ന് മാധ്യമറിപ്പോർട്ടുകളിൽ നിന്ന് ബോധ്യപ്പെട്ടുകഴിഞ്ഞു. 2014 ൽ 16 ലക്ഷം കോടിയോളം രൂപയുടെ ബജറ്റാണ് രാജ്യത്തിന് ഉണ്ടായിരുന്നത്. ഇപ്പോഴത് 48 ലക്ഷം കോടി രൂപ കവിഞ്ഞിരിക്കുന്നു. മൂലധന ചെലവുകൾക്കു മാത്രം നീക്കിവെച്ച തുക 11 ലക്ഷം കോടിയിലേറെയാണ്. പുതിയ സ്കൂളുകളും, ഗവേഷണ സൗകര്യങ്ങളും, റെയിൽവെ വികസനവും ഇതുവഴി സാധ്യമാകും. LPG കണക്ഷൻ സ്വപ്നം മാത്രമായിരുന്ന കാലഘട്ടത്തിൽ നിന്ന് ഏറെക്കുറെ എല്ലാ വീട്ടിലും പാചകവാതകമെത്തിക്കാൻ ഗവൺമെന്റിന് കഴിഞ്ഞു.**

30 കോടിയിലേറെ വീടുകളിൽ ഇപ്പോൾ പാചകവാതക കണക്ഷനുണ്ട്. ഊർജ്ജ മേഖലയിലും, യുവ സ്റ്റാർട്ടപ്പുകളുടെ കാര്യത്തിലും വൻ പുരോഗതിയാണ് രാജ്യം കൈവരിച്ചത്. വികസനത്തിൽ വനിതാ പ്രാതിനിധ്യം വ്യക്തമാക്കുന്ന തരത്തിൽ പത്ത് ലക്ഷത്തോളം ലാക്പതി ദീദിമാർ രാജ്യത്തുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

ആയുഷ്മാൻ വൃദ്ധ് വന്ദന കാർഡ് അവതരിപ്പിച്ച് മൂന്നാഴ്ചയ്ക്കകം 10 ലക്ഷത്തിലേറെ മുതിർന്ന പൗരന്മാർ പദ്ധതിയിൽ രജിസ്റ്റർ ചെയ്തതായി കേന്ദ്ര ആരോഗ്യ മന്ത്രാലയം അറിയിച്ചു. ഇതിൽ നാല് ലക്ഷത്തോളം പേർ സ്ത്രീകളാണ്.

✪✪✪

വ്യാജ വാർത്തകൾക്കെതിരെ പോരാടാനും ജനാധിപത്യം സംരക്ഷിക്കാനും ഡിജിറ്റൽ മാധ്യമങ്ങൾ ഉത്തരവാദിത്തം കാണിക്കണമെന്ന് കേന്ദ്രമന്ത്രി അശ്വനി വൈഷ്ണവ് പറഞ്ഞു . ന്യൂഡൽഹിയിൽ ദേശീയ പത്രദിന പരിപാടിയിൽ ഓൺലൈനായി പങ്കെടുക്കുകയായിരുന്നു കേന്ദ്രമന്ത്രി. ഡിജിറ്റൽ മീഡിയ പ്ലാറ്റ്ഫോമുകൾ സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനം കണക്കിലെടുത്ത് ഇത്തരം പ്രശ്നങ്ങൾക്ക് അവർ തന്നെ പരിഹാരവും മുന്നോട്ട് വെക്കണമെന്ന് അശ്വനി വൈഷ്ണവ് ആവശ്യപ്പെട്ടു.

✪✪✪

ഗോവ അന്താരാഷ്ട്ര ചലച്ചിത്ര മേളയിലെ രാജ്യാന്തര ജൂറിയായി അശുതോഷ് ഗൊവാരിക്കറെ നിയമിച്ചു. ജോധാ അക്ബർ, ലഗാൻ, സ്വദേശ് തുടങ്ങിയ ചിത്രങ്ങളുടെ സംവിധായകനാണ് അദ്ദേഹം. ഗോവ ചലച്ചിത്രോത്സവത്തിന്റെ 55 -ാം പതിപ്പ് ഈ മാസം 20 മുതൽ 28 വരെയാണ്.

✪✪✪

അഴിമതിരഹിതവും കാര്യക്ഷമവുമായ ഭരണ സംവിധാനത്തിന് ലോകായുക്ത കരുത്ത് പകരുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. തിരുവനന്തപുരത്ത് നിയമസഭാ ബാങ്ക്വറ്റ് ഹാളിൽ ലോകായുക്ത ദിനാചരണ ചടങ്ങ് ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. വിജിലൻസ് സംവിധാനത്തെ ശക്തിപ്പെടുത്താനും, അഴിമതിക്കാർക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത

നടപടിയെടുക്കാനും ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് ഗതിവേഗം നൽകാൻ ലോകായുക്തയ്ക്ക് കഴിഞ്ഞിട്ടുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

റേഷൻ ഭക്ഷ്യോത്പന്നങ്ങൾ വാതിൽപ്പടിയിലെത്തിച്ച് വിതരണം ചെയ്യുന്ന കരാറുകാർ നടത്തിവന്ന സമരം പിൻവലിച്ചതായി മന്ത്രി G R അനിൽ അറിയിച്ചു. ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് കരാറുകാർ നൽകേണ്ട കുടിശ്ശികയ്ക്ക് പിഴപ്പലിശ ഏർപ്പെടുത്തിയ ബോർഡ് നടപടിയ്ക്കെതിരെയായിരുന്നു സമരം. ഈ ആവശ്യം 22 ന് ചേരുന്ന ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് യോഗം പരിശോധിച്ച് പരിഹാരം കണ്ടെത്താൻ തീരുമാനിച്ചതായി മന്ത്രി പറഞ്ഞു.

✪✪✪

പാലക്കാട് നിയമസഭാ ഉപതെരഞ്ഞെടുപ്പ് പ്രചാരണത്തിന് നാളെ കൊട്ടിക്കലാശം. ശക്തമായ ത്രികോണ മത്സരത്തിന് വേദിയാകുന്ന മണ്ഡലത്തിൽ ഓരോ വോട്ടും ഉറപ്പിക്കാൻ അവസാനവട്ട ഓട്ടത്തിലാണ് മുന്നണികളും സ്ഥാനാർത്ഥികളും.

പാലക്കാട്ടുനിന്ന് ആകാശവാണി പ്രതിനിധി ഫൈസൽ അലിമുത്ത്.

........(വോയ്സ്)................

✪✪✪

കോഴിക്കോട് ചേവായൂർ സഹകരണ ബാങ്ക് തിരഞ്ഞെടുപ്പ് CPIM അധികാരത്തിന്റെയും കയ്യൂക്കിന്റെയും ബലത്തിൽ അട്ടിമറിച്ചെന്ന് KPCC പ്രസിഡന്റ് K.സുധാകരൻ ആരോപിച്ചു. അക്രമികൾക്കെതിരെ ശക്തമായ നടപടിയെടുക്കാൻ പൊലീസ് തയ്യാറാകുന്നില്ലെങ്കിൽ കോൺഗ്രസ് രാഷ്ട്രീയമായും നിയമപരമായും അതിനെ നേരിടുമെന്നും സുധാകരൻ പറഞ്ഞു.

സഹകരണ മേഖലയിൽ CPIM-മായി ഒരു സഹകരണവുമുണ്ടാകില്ലെന്നും, നിയമപരമായും രാഷ്ട്രീയമായും സംഭവത്തെ നേരിടുമെന്നും DCC പ്രസിഡന്റ് K പ്രവീൺകുമാറും, KPCC ജനറൽ സെക്രട്ടറി K ജയന്തും വ്യക്തമാക്കി.

സംഭവത്തിൽ പ്രതിഷേധിച്ച് കോഴിക്കോട് ജില്ലയിൽ ആഹ്വാനം ചെയ്ത ഹർത്താൽ രാവിലെ ആറിന് ആരംഭിച്ചു. വൈകീട്ട് ആറു വരെയാണ് ഹർത്താൽ. അവശ്യ സർവീസുകളെയും വിവാഹം ഉൾപ്പെടെ ചടങ്ങുകളെയും ഹർത്താലിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്ന് MK രാഘവൻ MP യും പാർട്ടി നേതാക്കളും അറിയിച്ചു.

ഹർത്താലിൽ നിന്ന് കോൺഗ്രസ് പിന്മാറണമെന്ന് വ്യാപാരി വ്യവസായി ഏകോപന സമിതി കോഴിക്കോട് ജില്ലാകമ്മിറ്റി ആവശ്യപ്പെട്ടു.

ചേവായൂർ സഹകരണ ബാങ്ക് തെരഞ്ഞെടുപ്പിനിടെ ഉണ്ടായ അക്രമം നീതീകരിക്കാൻ പറ്റാത്തതാണെന്നും ഗവൺമെന്റിന്റെ ഒത്താശയോടെ അക്രമികൾ അഴിഞ്ഞാടുകയായിരുന്നുവെന്നും BJP ജില്ലാപ്രസിഡന്റ് V.K സജീവൻ ആരോപിച്ചു. BJP പ്രാദേശിക നേതാക്കളെ അക്രമികൾ മർദിച്ചതിൽ അദ്ദേഹം പ്രതിഷേധം അറിയിച്ചു.

ബാങ്ക് തിരഞ്ഞെടുപ്പിനിടെ ജനയുഗം ഫോട്ടോഗ്രാഫർ P പ്രേമരാജനു നേരെയുണ്ടായ കയ്യേറ്റത്തെ കേരള പത്രപ്രവർത്തക യൂണിയൻ ജില്ലാകമ്മിറ്റി അപലപിച്ചു.

✪✪✪

ആലപ്പുഴയിൽ നിന്ന് അറസ്റ്റ് ചെയ്ത് കൊണ്ടുവരുമ്പോൾ കൊച്ചി കുണ്ടന്നൂരിൽ പൊലീസിനെ വെട്ടിച്ച് കടന്ന കുറുവാ മോഷണ സംഘത്തിലെ ഒരാളെ തിരച്ചിലിനൊടുവിൽ പൊലീസ് പിടികൂടി. തമിഴ്നാട് സ്വദേശി സന്തോഷ് സെൽവമാണ് കസ്റ്റഡിയിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിച്ചത്. സ്ത്രീകൾ അടങ്ങുന്ന ഒരു സംഘം പൊലീസിനെ ആക്രമിക്കുന്നതിനിടെയാണ് ഇയാൾ രക്ഷപ്പെടാൻ ശ്രമിച്ചത്.

ആലപ്പുഴ പ്രതിനിധി R.രവികുമാറിന്റെ റിപ്പോർട്ട്.

.....(വോയ്സ്)..........

✪✪✪

ആലപ്പുഴയിൽ സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിൽ 339 പോയിന്റുമായി മലപ്പുറം മുന്നേറുകയാണ്. 317 പോയിന്റ് നേടിയ തൃശ്ശൂരാണ് രണ്ടാം സ്ഥാനത്ത്. 316 പോയിന്റുമായി കണ്ണൂർ തൊട്ടുപിന്നിലുണ്ട്. മേള നാളെ സമാപിക്കും.

✪✪✪

വനിതാ ഏഷ്യൻ ഹോക്കി ചാമ്പ്യൻസ് ട്രോഫി അവസാന ഗ്രൂപ്പ് ഘട്ട മത്സരത്തിൽ ഇന്ത്യ ഇന്ന് ജപ്പാനെ നേരിടും. ബിഹാറിലെ രാജ്ഗിർ ഹോക്കി സ്റ്റേഡിയത്തിൽ വൈകിട്ട് 4-45 നാണ് മത്സരം. നാല് കളികളിൽ നിന്ന് 12 പോയിന്റുമായി ഇന്ത്യ ചാമ്പ്യൻഷിപ്പിൽ ഒന്നാം സ്ഥാനത്താണ്.

✪✪✪

ഫിസിക്കൽ എജ്യൂക്കേഷൻ ഫൗണ്ടേഷൻ ഓഫ് ഇന്ത്യയുടെ ഡോ. GP ഗൗതം അവാർഡിന് തൃശൂർ സെന്റ് മേരീസ് കോളജ് ഫിസിക്കൽ എജ്യൂക്കേഷൻ വകുപ്പ് മേധാവി അനു D ആലപ്പാട്ടിനെ തിരഞ്ഞെടുത്തു. അന്തർദേശീയ, ദേശീയ- സംസ്ഥാന തലങ്ങളിൽ കോളജിനെ മികച്ച നേട്ടങ്ങളിലേക്ക് നയിച്ചത് മുൻനിർത്തിയാണ് അവാർഡ്. ഈ മാസം 24 ന് ഡൽഹിയിൽ അവാർഡ് സമ്മാനിക്കും.

✪✪✪

കണ്ണൂർ, കാസർകോട് ജില്ലകളിലെ CBSE സ്കൂളുകളുടെ സഹോദയ കായികമേളയിൽ 141 പോയിന്റോടെ കണ്ണൂർ ശ്രീകണ്ഠപുരം മേരിഗിരി ഇംഗ്ലീഷ് മീഡിയം സ്കൂൾ ഓവറോൾ ചാമ്പ്യന്മാരായി. 65 പോയിന്റോടെ കണ്ണൂർ ചിന്മയ വിദ്യാലയം രണ്ടാം സ്ഥാനവും, 41 പോയിന്റ് നേടി മമ്പറം ഇംഗ്ലീഷ് മീഡിയം സ്കൂൾ മൂന്നാം സ്ഥാനവും നേടി.

✪✪✪

എറണാകുളം മുളന്തുരുത്തി പെരുമ്പള്ളിയിൽ ഗ്യാസ് സിലിണ്ടർ പൊട്ടിത്തെറിച്ച് ഒരാൾ മരിച്ചു. സിലിണ്ടറിൽ നിന്ന് വീടിന് തീ പിടിച്ച് അനിൽകുമാർ എന്നയാളാണ് മരിച്ചത്.

✪✪✪

ഇന്ന് ദേശീയ അപസ്മാര ദിനം. ഒട്ടേറെ തെറ്റിദ്ധാരണകൾ നിലനിൽക്കുന്ന അപസ്മാരം എന്ന രോഗത്തെ കുറിച്ച് സമൂഹത്തിൽ അവബോധം സൃഷ്ടിക്കാനാണ് എല്ലാ വർഷവും നവംബർ 17 ദേശീയ അപസ്മാര ദിനമായി ആചരിക്കുന്നത്.

✪✪✪